"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീമതി. ശ്രീദേവി മധുസൂദനന് ഉപയുക്തമാക്കാത്ത ശൂന്യവേതനാവധി റദ്ദ് ചെയ്ത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.140/2022/F&WLD    തീയതി,തിരുവനന്തപുരം, 31-03-2022.

പരാമർശം:- 1. 07.08.2020 ലെ സ.ഉ(സാധാ) നം. 177/2020/വനം നമ്പർ ഉത്തരവ്.

2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.10.2021 ലെ ഡി4-13/2018 നമ്പർ കത്ത്.

**ഉത്തരവ്**

റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീമതി. ശ്രീദേവി മധുസൂദനന് വിദേശത്തുള്ള ഭർത്താവിനൊപ്പം താമസിക്കുന്നതിനായി 16.07.2018 മുതൽ 15.07.2020 വരെ കെ.എസ്.ആർ ഭാഗം I, അനുബന്ധം XII C പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധി 16.07.2020 മുതൽ 15.07.2022 വരെ പരാമർശം (1) പ്രകാരം ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ കോവിഡ് സാഹചര്യത്തിൽ വിദേശത്തേയ്ക്ക് പോകാൻ സാധിക്കാത്തതിനാൽ 03.05.2021 മുതൽ സർവീസിൽ തിരികെ പ്രവേശിക്കുന്നുവെന്നും, ആയതിനാൽ അനുവദിച്ച ശൂന്യവേതനാവധിയിൽ വിനിയോഗിക്കാത്ത കാലയളവ് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. ശ്രീദേവി മധുസൂദനൻ സമർപ്പിച്ച അപേക്ഷ ശുപാർശ സഹിതം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശ്രീമതി. ശ്രീദേവി മധുസൂദനൻ 29.04.2021 ന് തിരികെ പ്രവേശിക്കാൻ അപേക്ഷ സമർപ്പിക്കുകയും 10-05-2021 AN ന് തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ 22.10.2013 ലെ സ.ഉ. (പി) നം. 529/2013/ധന, 20.03.1990-ലെ സർക്കുലർ നം. 15/90/ധന എന്നിവ പ്രകാരം 29.04.2021 മുതൽ 10/05/2021 വരെയുള്ള കാലയളവ്, കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII-C പ്രകാരമുള്ള ശൂന്യവേതനാവധിയുടെ ദീർഘിപ്പിക്കലായി കണക്കാക്കി കൊണ്ടും, 11.05.2021 മുതൽ 15.07.2022 വരെ ടിയാൾ ഉപയുക്തമാക്കാത്ത അവധി കാലയളവ് റദ്ദ് ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

(സേവനപുസ്തകം സഹിതം).

ശ്രീമതി. ശ്രീദേവി മധുസൂദനൻ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള,തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (22.03.2022ലെ റൂൾസ്-ബി4/97/2018/ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 31-03-2022 14:01:07**
സെക്ഷൻ ഓഫീസർ.